**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1600** **19-09-2025 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പിറവം മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് പട്ടയം ലഭിക്കാനുള്ളത്; ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ടെന്നും എത്ര അളവ് വസ്തുവിന് പട്ടയം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | പിറവം മണ്ഡലത്തിൽ പട്ടയം ലഭിക്കാനുള്ള കുടുംബങ്ങളുടെ വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | പട്ടയം ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചതെന്നും ഇനി എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ; | (ബി) | പട്ടയ അപേക്ഷകളിൽ വില്ലേജ് ആഫീസർമാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും , റിപ്പോർട്ട് ലഭിച്ച അപേക്ഷകൾ പതിവ് റിക്കാർഡുകൾ തയ്യാറാക്കി പരിശോധനയ്ക്കായി ചാർജ് ആഫീസർമാർക്ക് കൈമാറിയിട്ടുള്ളതുമാണ്. 1964 പതിവ് നിയമമനുസരിച്ചുള്ള നടപടികൾ സമയബന്ധിതമായി പൂർത്തികരിച്ച് വരുന്നു. |
| (സി) | ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായ സ്ഥലങ്ങൾ ഏതൊക്കെയെന്നും ഇതിനുവേണ്ട തുടർനടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | (സി) | പിറവം നിയോജനമണ്ഡലത്തിന്റെ പരിധിയിൽ വനഭൂമിയില്ലാത്തതിനാൽ ജോയിന്റ് വെരിഫിക്കേഷൻ ആവശ്യമില്ലാത്തതാണ്. |

| **ക്രമ നം.** | **വില്ലേജ്** | **പട്ടയം ലഭിക്കാനുള്ള കുടുംബങ്ങളുടെ എണ്ണം** | **പട്ടയം ലഭിക്കേണ ആകെ വിസ്തീർണ്ണം (ആർ)** |
|---|---|---|---|
| 1 | പിറവം | 28 | 220.11 |
| 2 | ഇലഞ്ഞി | 5 | 60.37 |
| 3 | മേമുറി | 2 | 5.62 |
| 4 | കൂത്താട്ടുകുളം | 4 | 20.36 |
| 5 | പാലക്കുഴ | 2 | 4.04 |
| 6 | ഓണക്കൂർ | 1 | 16.19 |
| 7 | തിരുമാറാടി | 2 | 5.67 |
| | **ആകെ** | **44** | **332.36 ആർ** |

| | | | |
|---|---|---|---|
| (ഡി) | നടപടികൾ പൂർത്തിയാക്കി ഓരോ പ്രദേശത്തും എന്നത്തേക്ക് പട്ടയം നൽകാനാകുമെന്ന് അറിയിക്കാമോ? | (ഡി) | 1964- ലെ കേരള ഭൂമി പതിവ് ചട്ടം പ്രകാരം ഓരോ നടപടിക്രമങ്ങൾക്കും ആവശ്യമായ സമയപരിധി കൃത്യമായി പാലിച്ച് നടപടികൾ പൂർത്തികരിച്ച് സമയബന്ധിതമായി പട്ടയങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ